ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:19.03.2025

## പ്രധാനവാർത്തകൾ

1). ഭീം-യു.പി.ഐ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പാരിതോഷിക പദ്ധതി പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ.

2) ആശാ പ്രവർത്തകരുമായി ആരോഗ്യ മന്ത്രി വീണാജോർജ് നടത്തിയ ചർച്ച പരാജയം. നാളെ മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുമെന്ന് ആശമാർ.

3) വയനാട് പുനരധിവാസത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം.

4) മണോളികാവ് സംഘർഷവുമായി ബന്ധപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. ധനകാര്യ ബില്ലിന്മേലുള്ള ചർച്ചയ്ക്ക് മറുപടി നൽകി മന്ത്രി കെ.എൻ ബാലഗോപാൽ.

5) റാഗിങ് വിരുദ്ധ നിയമം പരിഷ്കരിക്കുന്നതിന് എത്രയും വേഗം കർമ്മസമിതി രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഹൈക്കോടതി.

************************************************************

RNU TVPM

**അശ്വിനി വൈഷ്ണവ്-മന്ത്രിസഭ - (ഇൻട്രോ)**

ചെറിയ തുകയ്ക്കുള്ള ഭീം - യു.പി.ഐ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പാരിതോഷിക പദ്ധതി പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ. ചെറുകിട കച്ചവടക്കാർക്ക് അധിക ചെലവ് കൂടാതെ യുപിഐ സേവനങ്ങൾ ഉറപ്പുവരുത്തുന്ന പദ്ധതി 1,500 കോടി രൂപാ ചെലവിൽ നടപ്പാക്കാൻ തീരുമാനിച്ചതായി മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട്
കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. 2,000 രൂപ വരെയുള്ള പണമിടപാടുകളുടെ 0.15 ശതമാനമാണ് പാരിതോഷികമായി നൽകുക.

**(ഹോൾഡ് ഫോർ ബൈറ്റ്................)**

*******************************************************************

PNU TVPM

**ആശാപ്രവർത്തകർ സമരം- (ഇൻട്രോ)**

സംസ്ഥാനത്ത് 38 ദിവസമായി സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി ആരോഗ്യ മന്ത്രി വീണാജോർജ് നടത്തിയ രണ്ടാംവട്ട ചർച്ചയും പരാജയം. സമരം തുടരുമെന്ന് ആശാപ്രവർത്തകർ അറിയിച്ചു. ഓണറേറിയം വർധിപ്പിക്കണം എന്നതാണ് സംസ്ഥാന നിലപാടെന്നും, വിഷയത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തുമെന്നും മന്ത്രി വീണാ ജോർജ് വ്യക്തമാക്കി. സമരം അവസാനിപ്പിക്കണമെന്നും മന്ത്രി ആശമാരോട് അഭ്യർത്ഥിച്ചു. ആശ പ്രവർത്തകർക്ക് അനുകൂല നിലപാടാണ് സംസ്ഥാനം സ്വീകരിക്കുന്നതെന്നും ചർച്ചയ്ക്ക് ശേഷം മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

**(ഹോൾഡ്...........)**

ആശമാരുമായി രാവിലെ ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് ഡയറക്ടർ വിനയ് ഗോയൽ നടത്തിയ ചർച്ച പരാജയപ്പെട്ടതിനെ തുടർന്നാണ് ആരോഗ്യമന്ത്രി നേരിട്ട് ചർച്ച നടത്തിയത്.

അതേസമയം തങ്ങളുടെ ആവശ്യങ്ങളൊന്നും തന്നെ സർക്കാർ അംഗീകരിച്ചില്ലെന്ന് ചർച്ചയ്ക്ക് ശേഷം ആശാപ്രവർത്തകർ പ്രതികരിച്ചു. സെക്രട്ടേറിയേറ്റിനു മുന്നിൽ സമരക്കാർ പ്രതിഷേധ പ്രകടനവും നടത്തി. നാളെ മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുമെന്നും ആശമാർ അറിയിച്ചു.

************************************************************

**പാർലമെൻറ്**

ആരോഗ്യമന്ത്രാലയത്തിൻറെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ ഇന്ന് രാജ്യസഭയിൽ മറുപടി നൽകി. ആശമാരുടെ ഇൻസെൻറീവ് വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്രസർക്കാരിൻറെ പരിഗണനയിലുണ്ടെന്ന് മന്ത്രി ചർച്ചയിൽ ആവർത്തിച്ചു. എൻഎച്ച്എം സ്റ്റിയറിങ്ങ് കമ്മിറ്റി ഇക്കാര്യം ശുപാർശ ചെയ്തതായും മന്ത്രി പാർലമെൻറിൽ വ്യക്തമാക്കി.

RNU TVPM

************************************************************

**നിയമസഭ വാക്കൗട്ട്**

കണ്ണൂർ തലശ്ശേരി മണോളികാവ് ക്ഷേത്രോത്സവത്തോടനു ബന്ധിച്ച് ഉണ്ടായ സംഘർഷം സംബന്ധിച്ച ഉപക്ഷേപ നോട്ടീസ് തള്ളിയ സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ഉണ്ടായ സംഘർഷത്തിൽ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കുകയും, അറസ്റ്റ് ചെയ്ത പ്രതിയെ അനധികൃതമായി മോചിപ്പിക്കുകയും ചെയ്തെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷത്ത് നിന്ന് സണ്ണി ജോസഫാണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. എന്നാൽ, വിഷയം പൊതു പ്രാധാന്യമർഹിക്കാത്തതും അടിയന്തര സ്വഭാവമില്ലാത്തതും ആയതിനാൽ നോട്ടീസ് അനുവദിക്കാൻ കഴിയില്ലെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു. വിഷയം സബ്മിഷനായി ഉന്നയിക്കാമെന്നും

സ്പീക്കർ നിർദ്ദേശിച്ചു. പോലീസിൻറെ ആത്മവീര്യം തകർക്കുന്ന സംഭവമാണ് മണോളിക്കാവിൽ ഉണ്ടായതെന്നും, സർക്കാരിന് അപ്രിയമായ കാര്യങ്ങൾ സഭയിൽ കൊണ്ട് വരുന്നത് സമ്മതിക്കില്ല എന്ന് പറയുന്നത് ശരിയായ നടപടിയല്ലെന്നും പ്രതിപക്ഷനേതാവ് വി ഡി സതീശൻ പറഞ്ഞു.

**************************************************************

## ധനമന്ത്രി കെ എൻ ബാലഗോപാൽ

കേരളത്തിൻറെ ഭാവി ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നതെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. ധനകാര്യബില്ലിൻമേൽ നടന്ന ചർച്ചകൾക്ക് നിയമസഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. എല്ലാ മേഖലകൾക്കും മതിയായ പരിഗണന ലഭ്യമാക്കുന്ന ധന വിനിയോഗരീതിയാണ് സർക്കാർ പിന്തുടരുന്നത്. ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കേണ്ടത് കേന്ദ്ര സർക്കാരാണെന്നും ധനമന്ത്രി കെ വ്യക്തമാക്കി. രാഷ്ട്രീയമായി സംസ്ഥാനത്തെ ശ്വാസം മുട്ടിക്കുന്നതിനായി കേന്ദ്രം ധനവിഹിതം വെട്ടിക്കുറയ്ക്കുന്നതായും അദ്ദേഹം വിമർശനം ഉന്നയിച്ചു.

RAJU TVPM

**************************************************************

## സംസ്ഥാന മന്ത്രിസഭായോഗം

വയനാട് പുനരധിവാസത്തിന് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം. 26 കോടി 56 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനായി അനുവദിക്കും, ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പഠനാവശ്യത്തിനായി പത്ത് ലക്ഷം രൂപ അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു. വിഴിഞ്ഞം തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ

റെയിൽപാതയുടെ DPR നും മന്ത്രിസഭായോഗം അംഗീകാരം നൽകി. സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷം ഏപ്രിൽ, മെയ് മാസങ്ങളിൽ വിപുലമായി സംഘടിപ്പിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

*****************************************************

**<u>ബ്രേക്ക്.......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*****************************************************

## <u>റാഗിങ്- ഹൈക്കോടതി</u>

റാഗിംഗ് വിരുദ്ധ നിയമം പരിഷ്കരിക്കുന്നതിനുള്ള കർമ്മസമിതി എത്രയും വേഗം രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഹൈക്കോടതി. സമിതിയുടെ കരട് രൂപം ഏഴ് ദിവസത്തിനകം അറിയിക്കണമെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച പൊതു താൽപര്യ ഹർജി ഹൈക്കോടതി അടുത്ത വ്യാഴാഴ്ച പരിഗണിക്കും.

RNU TVPM

*****************************************************

## <u>തൊടുപുഴ നഗരസഭ</u>

തൊടുപുഴ നഗരസഭയിൽ എൽ.ഡി.എഫിന് ഭരണം നഷ്ടമായി. നഗരസഭാ ചെയർപേഴ്സൺ സബീന ബിഞ്ചുവിനെതിരെ യു.ഡി.എഫ് അവതരിപ്പിച്ച അവിശ്വാസ പ്രമേയം 12 നെതിരെ 18 വോട്ടുകൾക്ക് പാസായി. യു.ഡി.എഫിനൊപ്പം ബി.ജെ.പിയിലെ ഒരു വിഭാഗവും അവിശ്വാസത്തെ പിന്തുണച്ചു. വിപ്പ് ലംഘിച്ച നാല് കൗൺസിലർമാരെ പാർട്ടിയിൽ നിന്നും പുറത്താക്കിയതായി ബിജെപി സംസ്ഥാന നേതൃത്വം അറിയിച്ചു.

*****************************************************

## പി രാജീവ്

നോക്കുകൂലിയുമായി ബന്ധപ്പെട്ട് കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ ഇന്നലെ ലോക്സഭയിൽ നടത്തിയ പ്രസ്താവന കേരള വിരുദ്ധ നിലപാടാണെന്ന് മന്ത്രി പി രാജീവ്. കേന്ദ്രമന്ത്രി എന്ന പദവിയിലിരുന്നു പറയാൻ പാടില്ലാത്ത രാഷ്ട്രീയ പ്രതികരണമാണിതെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് പറഞ്ഞു. കേന്ദ്രമന്ത്രിയുടെ പ്രസ്താവന കേരളത്തിലെ തൊഴിലാളികളെ അധിക്ഷേപിക്കുന്ന താരത്തിലുള്ളതാണെന്ന് സി.ഐ.ടി.യു. നേതാവും മുൻ എംപിയുമായ എളമരം കരീം പ്രതികരിച്ചു.

************************************************************

## കെ സുരേന്ദ്രൻ - ശശി തരൂർ

റഷ്യ-യുക്രൈൻ യുദ്ധവുമായി ബന്ധപ്പെട്ട പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നിലപാടിനെ റെയ്സിന സംഭാഷണത്തിനിടെ അനുകൂലിച്ച് സംസാരിച്ചതിൽ, ശശി തരൂർ എംപിയെ പ്രശംസിച്ച് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ. മറ്റ് കോൺഗ്രസുകാരിൽ നിന്ന് വിഭിന്നനാണ് ശശി തരൂർ എന്ന് ശ്രീ കെ സുരേന്ദ്രൻ പറഞ്ഞു.

RNU TVPM

************************************************************

## ശബരിമല

മീനമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് രാത്രി 10-ന് അടയ്ക്കും. പത്തു നാൾ നീണ്ടുനിൽക്കുന്ന ഉത്സവത്തിനായി ഏപ്രിൽ ഒന്നിനാണ് ഇനി നട തുറക്കുക. രണ്ടിനാണ് ഉത്സവകൊടിയേറ്റ്.

************************************************************

**ആകാശവാണി സംഗീതോത്സവം നാളെ**

തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീതസഭയുടെ ത്രിമൂർത്തി സംഗീതോത്സവം നാളെ മുതൽ ആരംഭിക്കും. കാർത്തിക തിരുനാൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന മൂന്ന് ദിവസം നീളുന്ന സംഗീതോത്സവം ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി. ശിവകുമാർ ഉദ്ഘാടനം ചെയ്യും.

************************************************************

**ആകാശവാണി ശിൽപ്പശാല മറ്റന്നാൾ**

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ആം വാർഷികത്തോട് അനുബന്ധിച്ച് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ മറ്റന്നാൾ കാവ്യപഥം കവിതാ ശില്പശാല സംഘടിപ്പിക്കുന്നു. പ്രശസ്ത കവി വി. മധുസൂദനൻ നായർ ശില്പശാല ഉദ്ഘാടനം ചെയ്യും.

RNU TVPM

************************************************************

**ഉപലോകായുക്ത-സത്യപ്രതിജ്ഞ**

കേരള ഹൈക്കോടതി മുൻ ജഡ്ജിമാരായ ജസ്റ്റിസ് അശോക് മേനോനും ജസ്റ്റിസ് ഷെർസി. വിയും നാളെ ഉപലോകായുക്തമാരായി സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ സമുച്ചയത്തിൽ രാവിലെ 11 മണിക്ക് നടക്കുന്ന ചടങ്ങിൽ ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ സത്യവാചകം ചൊല്ലിക്കൊടുക്കും.

************************************************************

**സംസ്ഥാനം - കാലാവസ്ഥ**

സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. ഇടിമിന്നലിൻറെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ തന്നെ ജനങ്ങൾ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

*************************************************************

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.

സെൻസെക്സ് 148 പോയിൻറ് ഉയർന്ന് **75,449**- ലും നിഫ്റ്റി 73 പോയിൻറ് നേട്ടത്തിൽ **22,908** ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണ്ണവില കൂടി. പവന് 320 രൂപ കൂടി 66,320 രൂപയും ഗ്രാമിന് 8,290 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*****************

**********************************

*************************************************************